**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**
**ഫോൺ: 0471 2302490 വെബ്സൈറ്റ്: www.dhs.kerala.gov.in**
**ഇ-മെയിൽ: dhskerala@gmail.com, dhskerala.hsd@kerala.gov.in**

---

നം: ആവഡ / **19457** /**2025**- ഇ എൽ **3** തീയതി: **24-08-2025**

<u>സർക്കുലർ</u>

വിഷയം:-ആ വ ഡ - ജീവനക്കാര്യം - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (തസ്തികമാറ്റം വഴി) തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് വേണ്ടി **20/09/2024** മുതൽ **31/07/2025** വരെ ആരോഗ്യവകുപ്പിലെ നിശ്ചിത യോഗ്യതയുള്ളവരുടെ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്.

സൂചന:-
1. ജി. ഒ. (പി) **76/2017**/ എച്ച് & എഫ്ഡബ്ല്യൂ. ഡി, തീയതി, **12/12/2017**
2. സ.ഉ( കൈ) നം. **11/2020**/ആ.കു. വ, തീയതി **25/01/2020**
3. കുറിപ്പ് നം ആ വ ഡ/**2178/2023**- ഇ ജി **5** തീയതി **29/07/2025**

ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിന് വേണ്ടിയുള്ള സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിലേക്കായി **20/09/2024** മുതൽ **31/07/2025** വരെ നിശ്ചിത യോഗ്യത നേടിയിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, ഫീൽഡ് വർക്കേഴ്സ്, സൂചന (1) ലെ വിശേഷാൽ ചട്ടത്തിൽ ചേർത്തിട്ടുള്ള വിവിധ ഫീഡർ കാറ്റഗറിയിലെ ജീവനക്കാർ എന്നിവർ ഇതോടൊപ്പമുള്ള പ്രൊഫോർമ പൂരിപ്പിച്ച്

ബന്ധപ്പെട്ട രേഖകളോടൊപ്പം ഉചിത മാർഗ്ഗേണ **3/09/2025** നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

<u>യോഗ്യത</u>

1. ജനറൽ :- പ്ലസ് ടു സയൻസ് വിജയം / തത്തുല്യ യോഗ്യത.
2. ടെക്നിക്കൽ :- ആരോഗ്യ വകുപ്പ് നടത്തുന്ന ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ് അല്ലെങ്കിൽ കേരള സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമ കോഴ്സ്
3. രജിസ്ട്രേഷൻ : - കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാരും ഈ സർക്കുലറും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയും അവരവരുടെ കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചു അയച്ചുകൊടുക്കേണ്ടതും **3/9/2025** നു മുൻപായി അപേക്ഷകൾ ഈ ഓഫീസിൽ എത്തിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Signed by
Reena K J
Date: 24-08-2025 07:44:31

ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (വെബ് സൈറ്റ് മുഖേന)
2. ഔദ്യോഗിക വെബ് സൈറ്റ്
3. ഫയൽ/സ്റ്റോക്ക് ഫയൽ